# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2318

07.02.2019 ൽ ബഹു: ധനകാര്യവും
കയറും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

**ചോദ്യം**
**ശ്രീ. അടൂർ പ്രകാശ്**

**ഉത്തരം**
**ഡോ.ടി.എം.തോമസ് ഐസക്**
**ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | എം.എൽ.എ മാർ തങ്ങളുടെ നിയോജക മണ്ഡലങ്ങളിൽ ചെയ്യുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിശദീകരണങ്ങളോ പ്രത്യേക അനുമതികളോ ആവശ്യമുള്ള സാഹചര്യത്തിൽ ആയതിനെ സംബന്ധിച്ചുള്ള കത്തുകൾ ബന്ധപ്പെട്ട സെക്ഷനിൽ നൽകാൻ പാടില്ല എന്നും ആയതു ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്കു തന്നെ നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ; | എം.എൽ.എ.മാർ തങ്ങളുടെ നിയോജക മണ്ഡലങ്ങളിൽ ചെയ്യുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിശദീകരണങ്ങളോ പ്രത്യേക അനുമതികളോ ആവശ്യമുള്ള സാഹചര്യത്തിൽ ആയതിനെ സംബന്ധിച്ചുള്ള കത്തുകൾ ബന്ധപ്പെട്ട സെക്ഷനിൽ നൽകാൻ പാടില്ല എന്നും ആയതു ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്കു തന്നെ നൽകണമെന്നും ധനകാര്യ (ഭരണം-സി) വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) | ബഹു. മന്ത്രിയ്ക്കു കത്തുകൾ നൽകി ആയതിന്റെ മിനിട്സ് തയ്യാറാക്കി സെക്ഷനിൽ ആവശ്യമായ തുടർ നടപടികൾ നടത്തി മന്ത്രിയ്ക്ക് സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ, ബന്ധപ്പെട്ട സെക്ഷനുകളിൽ എം.എൽ.എ.മാരുടെ കത്തുകൾ വാങ്ങി പ്രോസസിംഗ് നടത്തി ബന്ധപ്പെട്ടവർക്ക് നൽകുവാൻ നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കാമോ; | ബഹു. മന്ത്രിയുടെ മിനിട്സ് സഹിതം ഈ വകുപ്പിൽ ലഭിക്കുന്ന എം.എൽ.എ മാരുടെ കത്തുകളിൽ താമസം കൂടാതെ നടപടി പൂർത്തിയാക്കാറുണ്ട്. |
| (സി) | ധനകാര്യ വകുപ്പിൽ പല സെക്ഷനുകളിലും എം.എൽ.എ മാർ നൽകുന്ന കത്തുകൾ സ്വീകരിക്കുന്നില്ല എന്നും പകരം മന്ത്രിയ്ക്കു നൽകുവാൻ നിർദ്ദേശിക്കുന്നുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എം.എൽ.എ.മാർ നൽകുന്ന കത്തുകൾ സെക്ഷനിൽ സ്വീകരിക്കാതെ പകരം ബഹു. മന്ത്രിയ്ക്ക് നൽകുവാൻ നിർദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (ഡി) | ധനകാര്യ വകുപ്പിൽ തീരുമാനമെടുക്കേണ്ട ചെറിയ കാര്യങ്ങൾക്കും മറ്റും എം.എൽ.എ മാരുടെ കത്തുകൾ സെക്രട്ടറിമാരെ അഭിസംബോധന ചെയ്ത് നൽകുമ്പോൾ, ആയത് ബന്ധപ്പെട്ട സെക്ഷനിൽ വാങ്ങി തുടർനടപടികൾ പൂർത്തീകരിച്ച്, മന്ത്രി കാണേണ്ടതാണെങ്കിൽ മാത്രം വകുപ്പ് സെക്രട്ടറി മുഖാന്തിരം മന്ത്രിയ്ക്ക് അയക്കുവാൻ നിർദ്ദേശം നൽകി ഉത്തരവാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ; | സെക്രട്ടറിമാരെ അഭിസംബോധന ചെയ്ത് നൽകുന്ന ധനകാര്യ വകുപ്പിൽ തീരുമാനമെടുക്കേണ്ട എം.എൽ.എ മാരുടെ കത്തുകൾ ബന്ധപ്പെട്ട സെക്ഷനിൽ തുടർനടപടികൾ പൂർത്തീകരിച്ച് വകുപ്പ് മന്ത്രി കാണേണ്ടതാണെങ്കിൽ മാത്രമേ നിലവിൽ വകുപ്പ് സെക്രട്ടറി മുഖാന്തിരം വകുപ്പ് മന്ത്രിയ്ക്ക് അയയ്ക്കാറുള്ളൂ. |
| (ഇ) | വകുപ്പ് മന്ത്രി കാണേണ്ടതില്ലാത്ത കത്തുകൾ മന്ത്രിയുടെ ഓഫീസിൽ നൽകുവാൻ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും ആവശ്യപ്പെടരുതെന്ന നിർദ്ദേശം നൽകുമോ; | നിലവിൽ വകുപ്പ് മന്ത്രി കാണേണ്ടതില്ലാത്ത കത്തുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും മന്ത്രിയുടെ ഓഫീസിൽ നൽകുവാൻ ആവശ്യപ്പെടാറില്ല. |

Parvathy

സെക്ഷൻ ഓഫീസർ